# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5767** **29.07.2015-ൽ മറുപടിയ്ക്ക്**

## വനോൽപ്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ.ബഷീർ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) വനോൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ചെറുകിട വനവിഭവങ്ങളുടെ വിപണനത്തിനായി വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് 'വനശ്രീ'. വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മറ്റികൾ എന്നിവ വഴി ആദിവാസികൾ കാട്ടിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽ നിന്നും തയ്യാറാക്കുന്ന ഗുണമേൻമയുള്ള വിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാൻഡു നൽകി വിപണനം ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ, 23 വനവികാസ ഏജൻസികളിലായി പ്രവർത്തിച്ചു വരുന്നു. ഗുണമേൻമ വരുത്തി ഇടനിലക്കാരില്ലാതെ 'വനശ്രീ' വഴി വനവിഭവങ്ങൾ വിൽക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യ വർദ്ധനയിലൂടെ ലാഭ വിഹിതവും ലഭിക്കുന്നുണ്ട്.<br><br>ഓണം, റംസാൻ, ക്രിസ്മസ് |

മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെയും, സംസ്ഥാനത്തിനു പുറത്തും നടക്കുന്ന വിവിധ മേളകൾ, എക്സിബിഷനുകൾ, ട്രെയിഡ് ഫെയറുകൾ എന്നിവ വഴിയും വനശ്രീയുടെ വനവിഭവങ്ങൾ നിലവിൽ വിപണനം നടത്തി വരുന്നുണ്ട്.

**(ബി)** വനപ്രദേശങ്ങളിലെ തടികളുടെ ലേലം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കാമോ?

**(ബി)** വനപ്രദേശങ്ങളിലെ തടികളുടെ ലേലം, ഇ-ലേലം മുഖേന യഥാസമയത്ത് നടത്തി വരുന്നുണ്ട്. കലണ്ടർ വർഷപ്രകാരമാണ് ഇ-ലേല തീയതികൾ നിശ്ചയിക്കുന്നത്. ജനുവരി 2015 മുതൽ ഡിസംബർ 2015 വരെ എല്ലാ മാസങ്ങളിലും ശരാശരി 20 പ്രവൃത്തി ദിവസങ്ങളിലായാണ് ഇ-ലേലം ടിംബർ സെയിൽസ് ഡിപ്പോകളിൽ നടത്തി വരുന്നത്. ടെറിട്ടോറിയൽ ഡിവിഷനുകളുടെ കീഴിലെ ഡംബിംഗ് ഡിപ്പോകളിലും ഇ-ലേലം നടത്തി വരുന്നുണ്ട്. തുടർന്നും ടി നടപടികൾ യഥാസമയം നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ